**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 187** **06-10-2025 - ൽ മറുപടിയ്ക്ക്**

**ജി. എസ്. ടി. പരിഷ്കരണം ആഭ്യന്തര വിപണിയിൽ ഉണ്ടാക്കുന്ന പ്രതിഫലനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം,<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. യു. എ. ലത്തീഫ്,<br>ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ജി. എസ്. ടി. പരിഷ്കരിക്കുന്നതിലൂടെ നികുതി കുറയുന്നതിനനുസരിച്ച് ഉല്പന്നങ്ങളുടെ വിലയിലും കുറവ് ഉണ്ടാകുമെന്ന് ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; | (എ) | 56-ാമത് ജി.എസ്.ടി. കൗൺസിലിൽ നിലവിലുള്ള ജി.എസ്.ടി. നിരക്കുകൾ പരിഷ്കരിക്കുന്നതിനുള്ള തീരുമാനം കൈക്കൊള്ളുകയും അതിൻ പ്രകാരം 12%, 28% നിരക്കു ബാധകമായ നിരവധി ചരക്കുകളുടെയും സേവനങ്ങളുടെയും നിരക്കുകൾ 5%, 18%-ത്തിലേക്ക് കുറച്ചു കൊണ്ടുവരുകയും, ഉയർന്ന മൂല്യമുള്ള വാഹനങ്ങൾ, എയ്റേറ്റഡ് ഡ്രിങ്ക്, ലോട്ടറി തുടങ്ങിയ ഏതാനും സാധനങ്ങളെ മാത്രം സ്പെഷ്യൽ റേറ്റ് ആയ 40% നിരക്കിൽ ഉൾപ്പെടുത്തുകയും ചെയ്തു.<br><br>ഏതൊരു പരിഷ്ക്കാരത്തിന്റെയും പ്രയോജനം സാധാരണ ജനങ്ങൾക്ക് അനുഭവവേദ്യമാകണം എന്ന ശക്തമായ നിലപാടാണ് കേരളം ജി.എസ്.ടി. കൗൺസിലിൽ കൈക്കൊണ്ടത്.<br><br>ജി.എസ്.ടി. നിയമം നിലവിൽ വന്നപ്പോൾ, കേരളം കൂടി മുൻകൈ എടുത്താണ് 'ആന്റി പ്രോഫിറ്ററിങ്' മെക്കാനിസം നിയമത്തിൽ ഉൾക്കൊള്ളിച്ചത്. എന്നാൽ, 2025 ഏപ്രിൽ മുതൽ, 53-ാം ജി.എസ്.ടി. കൗൺസിൽ മീറ്റിങ്ങിൽ തീരുമാനിക്കപ്പെട്ടത് പ്രകാരം, ഈ സംവിധാനം നിർത്തലാക്കപ്പെട്ടു. പ്രസ്തുത വേളയിൽ കേരളം ഇത് സംബന്ധിച്ച ആശങ്കകൾ പങ്കുവെയ്ക്കുകയും നിർത്തലാക്കപ്പെടുന്ന ആന്റി പ്രോഫിറ്ററിങ് സംവിധാനത്തിന് പകരമായി ബദൽ സംവിധാനം വേണം എന്ന ആവശ്യം മുന്നോട്ട് വെച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. |
| (ബി) | നികുതി കുറയുന്നതിന്റെ ആനുകൂല്യം ഉല്പന്നങ്ങളുടെ അടിസ്ഥാന വില ഉയർത്തി ഉല്പാദകർ തട്ടിയെടുക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | നിലവിൽ ഇത്തരമൊരു പ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | നികുതി ഘടനയിലെ മാറ്റങ്ങൾ ആഭ്യന്തര വിപണിയിൽ എങ്ങനെ പ്രതിഫലിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | 56-ാമത് ജി.എസ്.ടി. കൗൺസിലിൽ നിലവിലുള്ള ജി.എസ്.ടി. നിരക്കുകൾ പരിഷ്കരിക്കുന്നതിനുള്ള തീരുമാനമെടുക്കുകയും അതിൻ പ്രകാരം 12%, 28% നിരക്കു ബാധകമായ നിരവധി ചരക്കുകളുടെയും സേവനങ്ങളുടെയും നിരക്കുകൾ 5%, 18%-ത്തിലേക്ക് കുറച്ചു കൊണ്ടുവരുകയും, ഉയർന്ന മൂല്യമുള്ള വാഹനങ്ങൾ, എയ്റേറ്റഡ് ഡ്രിങ്ക്, ലോട്ടറി തുടങ്ങിയ ഏതാനും സാധനങ്ങളെ മാത്രം സ്പെഷ്യൽ റേറ്റ് ആയ 40% നിരക്കിൽ ഉൾപ്പെടുത്തുകയും ചെയ്തു.<br><br>ടി നിരക്ക് പരിഷ്കരണവുമായി ബന്ധപ്പെട്ട ഘടനാ മാറ്റം വിപണിയെ എപ്രകാരം ബാധിക്കുമെന്നത് വിപണിയിലെ ഡിമാൻഡ് ഉൾപ്പെടെയുള്ള ഘടകങ്ങളെ ആശ്രയിച്ചാണുള്ളത്. അതിനാൽ തന്നെ ഇത് സംബന്ധിച്ച് ഒരു വിശകലനം ദുഷ്കരമാണ്. |

സെക്ഷൻ ഓഫീസർ